പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6751 — 9.11.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കാൻ നടപടികൾ

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.എം. വിൻസെന്റ് : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിൽ പുതിയ സീസണെ വരവേൽക്കുന്നതിനും, ടൂറിസം സെന്ററുകളുടെ സമഗ്ര വികസനത്തിനും പരിപാലനത്തിനുമായി 'ഗ്രീൻ കാർപ്പറ്റ്' എന്ന പേരിൽ പുതിയ പദ്ധതി വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. |
| ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിവരിക്കാമോ; | ബി) | ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം, മാലിന്യ നിയന്ത്രണം, കുടിവെള്ളം, നടപ്പാതകൾ, ടോയ് ലറ്റ് സൗകര്യം, വഴിവിളക്കുകൾ, പാർക്കിംഗ്, ഭിന്നശേഷി സൗഹൃദ സംവിധാനം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികളാണ് കൈക്കൊണ്ട് വരുന്നത്. |
| സി) | പദ്ധതി - നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | സി) | ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ നടത്തിപ്പിനും, കാര്യക്ഷമത ഉറപ്പവരുത്തുന്നതിനുമായി പ്രധാനമായും പത്തിന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജില്ലാ ഭരണകൂടം, കുടുംബശ്രീ, ഡി.റ്റി.പി.സി, എൻ.എസ്.എസ്. ടെക്നിക്കൽ സെൽ, ടൂറിസം സംരംഭകർ, എൻ.ജി.ഒ.കൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം |

(...2)

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിന് തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ മികച്ച പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമമായ ഏകോപനത്തിലൂടെ ഓരോ കേന്ദ്രങ്ങളിലുമുള്ള പ്രശ്നങ്ങളും പോരായ്മകളും വിലയിരുത്തി സത്വര നടപടികൾ കൈക്കൊണ്ടു വരുന്നു. കൂടാതെ പദ്ധതി ഏകോപനത്തിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചുവരുന്നു. ഇത്തരം സമിതികൾ, ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി തീർത്തു വിനോദസഞ്ചാര മേഖലയെ ടൂറിസ്റ്റ് സൗഹൃദ മേഖലയാക്കുകയാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ